


Week -3

# <u>Heavenly Laughter:- (ദൈവത്തിന്റെ ചിരി)</u>

ഒരു സായംസന്ധ്യയിൽ ദേവാലയത്തിനകത്തു നിന്നും കേട്ട ശബ്ദം തുറന്നു കിടന്ന വാതിലിൽ കൂടി അകത്തേക്കു നോക്കുവാൻ പുരോഹിതനെ പ്രേരിപ്പിച്ചു.കണ്ട കാഴ്ച ഒരു പത്തുവയസ്സുകാരന്റെ അഭ്യാസപ്രകടനം മദ്ബാഹയുടെ മുമ്പിൽ നടക്കുന്നതായിരുന്നു. പ്രകടനത്തിനുശേഷം നിന്ന ബാലന്റെ അടുക്കലെത്തിയ അദ്ദേഹം ചോദിച്ചു 'എന്തു പറ്റി കുഞ്ഞേ പ്രകടനം ഇവിടെ നടത്തുവാൻ'? . അതേ........ എന്റെ ദൈവത്തിനു കൊടുക്കുവാൻ മറ്റൊന്നും എന്റെ കൈവശമില്ല. എന്നു പറഞ്ഞ് കരഞ്ഞുകൊണ്ട് ക്ഷമ ചോദിച്ചു. മക്കളെ ! നിന്റെ സ്വർഗ്ഗീയ പിതാവ് നീ നൽകിയ കാഴ്ച സ്വീകരിച്ച് പുഞ്ചിരിക്കുന്നത് കാണുക കാരണം മോന്റെ സമ്മാനം അത്രയ്ക്ക് വിലയേറിയതായിരുന്നു. " The smile of God is the goal of your life"

<u>Five acts of worship that make God smile</u>

1. <u>നമ്മുടെ തീവ്രസ്നേഹം കണ്ട് ചിരിയ്ക്കുന്ന ദൈവം</u>

" ........സ്നേഹം ദൈവത്തിൽ നിന്ന് വരുന്നു". (1 യോഹ:(4:7-8). ദർശനം സഫലമായ സന്ദർഭമായിരുന്നു മിസ്രേം ദേശാധിപതിയായ യോസഫിനെ 'സ്വപ്നക്കാരാ' എന്നു വിളിച്ച് പരിഹസിച്ചവർ സാഷ്ടാംഗം വീണ് നമസ്ക്കരിച്ച സമയം. യഹോവ കൂടെ

യുള്ളവന്റെ വിജയം , യഹോവ ചിരിപ്പാൻ അഥവാ സന്തോഷിപ്പാൻ കാരണമായി. കൂടാതെ ഈ പരിഹാസികളെ യോസഫ് സംരക്ഷിക്കുമെന്ന് പറഞ്ഞതും സ്വർഗ്ഗം സന്തോഷിപ്പാൻ കാരണമായി.ഉല്പ:(42:6), ഉല്പ:(50:19-21). താഴെ സൂചിപ്പിക്കുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക.

ഹോശയാ (6:6)(L:B)

മത്താ (22:37-38) (N.I.V)

2. **<u>പൂർണ്ണമായി അവനെ ആശ്രയിക്കുമ്പോൾ ദൈവം ചിരിയ്ക്കുന്നു.</u>**

പ്രതികൂലത്തിന്റെ കരാളഹസ്തം തങ്ങളുടെ നേരെ വന്നിട്ടും എബ്രായ ബാലൻമാർ പതറിയില്ല. അവരുടെ വിശ്വാസം കണ്ട ദൈവം തീയിലും അവരോടൊപ്പമുണ്ടായിരുന്നു. (ദാനി:(3:28). Trusting God completely means having faith that he knows what is best in your life.അതായത് പ്രതികൂലത്തിൽ പതറാതെ നില്ക്കുന്നവനെ നോക്കി ദൈവം സന്തോഷിക്കുന്നു.

Read - ഗലാ:(2:20)

3. **<u>പൂർണ്ണ അനുസരണവാനെ നോക്കി ദൈവം ചിരിയ്ക്കുന്നു</u>**.

അനുസരിപ്പാൻ പലരും വിമുഖത കാട്ടുന്ന ഒരു ദൗത്യമാണ് ദൈവം അബ്രഹാമിനെ ഏൽപിച്ചത്. തന്റെ ഏകജാതനായ മകനെ യാഗം അർപ്പിക്കുന്ന കാര്യത്തിന് തടസ്സം പറയുന്ന ആരോടും വിവരം പറയാതെ ദൈവത്തിന്റെ വാക്ക് പൂർണ്ണമായി അനുസരിപ്പാൻ തയ്യാറായ തന്റെ സ്നേഹിതനെ നോക്കി ചിരിച്ച ദൈവം മകനു പകരം യാഗത്തിനുള്ള ആട്ടുകൊറ്റനെ നൽകുകയും , അബ്രാഹാമിനെ അനുഗ്രഹിക്കുകയും ചെയ്തു.

Read - ഉല്പ:(22:12-18)

God doesn’t owe you the reason for everything he asks but your instant obedience will teach you more about God. Obedience unlocks understanding .

**4.സ്തുതി ഉയർത്തുന്നവനെ നോക്കി ദൈവം ചിരിയ്ക്കുന്നു.**

പ്രതിയോഗിയുടെ പീഢനത്തിന് ഇരയായ ഹന്ന , ഒരു ആൺപൈതലിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കുകയും ലഭിച്ചപ്പോൾ ദൈവത്തിനായി സമർപ്പിക്കുകയും ചെയ്തു. അതുകണ്ട ദൈവം സന്തോഷിച്ചു. അനവധി നന്മകൾ ലഭിച്ച നാം സ്തുതിക്കുന്നുണ്ടോ? 1 ശമു:(1:10-11)

(2 :1-10)

**5. നമ്മുടെ കഴിവുകൾ നാം ഉപയോഗിക്കുമ്പോൾ അവൻ സന്തോഷിക്കുന്നു.**

സകല നന്മകളാലും നമ്മെ അനുഗ്രഹിച്ച ദൈവം ആഗ്രഹിക്കുന്നത് അഞ്ചു താലന്ത് ലഭിച്ചതുകൊണ്ട് അഞ്ചുകൂടി നേടിയവനെ പ്പോലെ നാം ആകുവാനാണ് കുഴിച്ചിടുവാനല്ല. ഒരു കണക്കദ്ധ്യാപികയായ എന്നെ കൊണ്ട് സുവിശേഷവേല ചെയ്യിക്കുന്നത് അവന്റെ കൃപ. വാതരോഗത്താൽ വിരലുകൾ മടക്കാനും , എഴുന്നേറ്റുനിൽക്കുവാനും പ്രയാസമുള്ള എന്നെകൊണ്ട് എഴുതിക്കുക മാത്രമല്ല , ഒരു മണിക്കൂറോളം വചനം പറയുവാനും കഴിയുന്നത് കൃപ മാത്രം. ഇവ ഞാൻ ചെയ്യുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും. ആനന്ദം കൊണ്ട് എന്റെ കണ്ണ് നിറയും.

വചനത്തിൽ നാലിടത്ത് ന്യായവിധിയുടെയും , പരിഹസിക്കുന്നതിന്റെയും ചിരി രേഖപ്പെടുത്തിയിരിക്കുന്നു. ആറടിമണ്ണ് മാത്രം അവകാശമുള്ള നാം അഹങ്കരിക്കരുത്. ഓർക്കുക.

സങ്കീ:(2:4),(37:13),(59:8), സദൃ:(1:26)

Are you ready to make God smile?

**പ്രാർത്ഥന-**

യേശുവേ ! അങ്ങയെ സ്നേഹിപ്പാനും അനുസരിപ്പാനും അതു മൂലം അങ്ങ് സന്തോഷിക്കുന്നത് കാണുവാനും ഇടയാക്കേണമേ.

ആമേൻ

Santhamma Varghese